ആശ്രിത നിയമന പദ്ധതിപ്രകാരം ശ്രീ. എസ്. ബിനുവിന് ജോലി നൽകാനുള്ള നടപടി

40 (2992) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന പദ്ധതിപ്രകാരം ജോലി ലഭിക്കുന്നതിന് എച്ച്.സി.വി. 614 പരേതനായ ഷൺമുഖവേലിന്റെ മകൻ ശ്രീ. എസ്. ബിനു അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അപേക്ഷിച്ചത് ;

(സി) ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജോലി നൽകിയിട്ടുണ്ടെങ്കിൽ എന്നാണ് ;

(ഇ) ഇത് സംബന്ധമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ ;

(എഫ്) ഇതുവരെ ജോലി നൽകിയിട്ടില്ലെങ്കിൽ എന്നത്തേക്ക് ജോലി നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1-6-2000-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) പോലീസ് വകുപ്പിൽ എൽ.ഡി.സി.-യുടെ ഒഴിവില്ലാത്തതിനാൽ മറ്റേതെങ്കിലും വകുപ്പിൽ ഒഴിവുണ്ടെങ്കിൽ അറിയിക്കുന്നതിനായി അപേക്ഷയുടെ വിശദവിവരങ്ങൾ 20-5-2002-ൽ ജി.എ.ഡി.(സി.ഇ.) സെല്ലിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഒഴിവ് വരുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതിയുടെ മുൻഗണനാക്രമത്തിൽ ജോലി നൽകുന്നതാണ്.

(ഡി-ജി) ജോലി നൽകിയിട്ടില്ല. എൽ.ഡി.സി. തസ്തികയിൽ ഇപ്പോൾ 9-6-1998 വരെ അപേക്ഷ സമർപ്പിച്ചവർക്കാണ് ഇപ്പോൾ ജോലി നൽകിവരുന്നത്. 1-6-2000-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഈ അപേക്ഷകന്റെ ഊഴമെത്തുമ്പോൾ ജോലി നൽകുന്നതാണ്.

ശ്രീ. ദിലീപിന് ആശ്രിതനിയമനം നൽകുന്നതിലെ കാലതാമസം

41 (2993) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ കണ്ണൂർ ക്രൈംബ്രാഞ്ച് ഹെഡ്കോൺസ്റ്റബിൾ ആയിരിക്കെ 23-4-2001-ൽ മരണമടഞ്ഞ എച്ച്.സി.നം. 2353-പി.പി. വൽസന്റെ മകൻ ദിലീപിന് ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ എന്ത് തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നമ്പർ 2648/കെ3/03/ആഭ്യന്തരം എന്ന ഫയൽ അന്വേഷിച്ച് 7-4-2003-ന് കണ്ണൂർ കളക്ടർ അയച്ച ശുപാർശ ആഭ്യന്തര വകുപ്പിൽ എന്നാണ് ലഭിച്ചത് ;

(സി) ആഭ്യന്തര വകുപ്പിലെ സെക്ഷൻ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി തുടങ്ങിയ ഓരോ ഉദ്യോഗസ്ഥൻമാരുടെയും മുമ്പാകെ എത്ര ദിവസംവീതം ഈ ഫയൽ ഇരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഫയലിന്മേൽ ഇപ്പോൾ എന്ത് തീരുമാനം എടുത്തുവെന്നും നിയമനം നൽകാൻ ഇനി എത്ര കാലതാമസം ഉണ്ടാകുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) അപേക്ഷകന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡെമോൺസ്ട്രേറ്റർ/ വർക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) 19-4-2003-ൽ.

(സി) സെക്ഷൻ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നിവരുടെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടായതായി കാണുന്നില്ല.

(ഡി) സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള അപേക്ഷകന്റെ യോഗ്യതയനുസരിച്ചും, അയാളുടെ സമ്മതപത്രം അനുസരിച്ചും ജോലി നൽകാവുന്ന തസ്തികയിൽ ഒഴിവുണ്ടോ എന്ന് ആരായുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കത്തയച്ചിരിക്കുകയാണ്. ഒഴിവിന്റെ ലഭ്യതയനുസരിച്ച് നിയമനം നൽകാവുന്നതാണ്.

വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതായ പ്രദേശങ്ങൾ

42 (2994) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാൻ സാദ്ധ്യത ഉള്ള തായി കണക്കാക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) ആരാധനാലയങ്ങളിൽ നിന്നും ആയുധങ്ങൾ കണ്ടെടുത്ത എത്ര സംഭവങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ ഇതേവരെ ഉണ്ടായിട്ടുണ്ട് ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ;

(ഡി) എത്ര പേർ പ്രതികളാണ് ; ഇത്തരം കേസുകളിൽ എത്ര എണ്ണത്തിൽ കുറ്റപത്രം നൽകിയിട്ടുണ്ട് ; നൽകാത്തതെത്രയാണ് ;

(ഇ) മാരകായുധങ്ങൾ സൂക്ഷിക്കുന്ന മതസ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാരിന് മുമ്പാകെയുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly